## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2873

02.4.2013- ൽ
മറുപടിക്ക്

### കയർ മേഖലയുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ജി. സുധാകരൻ<br>" കെ.കെ. നാരായണൻ<br>" കെ. ദാസൻ<br>" എസ്. ശർമ്മ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖലയിൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിനും പുതിയ ഉപയോഗമേഖലകൾ കണ്ടെത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ഉൽപ്പന്ന വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി കയറിൽ നിന്നും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള കയർ കോംബോസിറ്റ് ബോർഡ് ഫാക്ടറിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ചകിരിച്ചോർ അടിസ്ഥാന വസ്തുവായുള്ള ചെരുപ്പ്, ജൈവവളം എന്നിവ വികസിപ്പിച്ചു കഴിഞ്ഞു. കയർ ഫൈബറിൽ നിന്നും ഹാന്റി - ക്രാഫ്റ്റുകൾ, ആഭരണങ്ങൾ, ക്യൂരിയോസ് എന്നിവ ഉണ്ടാക്കുന്നതിനായുള്ള പരിശീലനങ്ങൾ നടത്തിവരുന്നു. അംഗനവാടി കുട്ടികൾക്കായുള്ള കിടക്കകൾ, നവജാത ശിശുക്കൾക്കായുള്ള മുത്തം കിടക്ക, വിദ്യാർത്ഥികൾക്കായുള്ള റോൾ അപ്പ് മാട്രസ്സ്, കൊക്കോ ട്രീ മാറ്റ്, ബേപ്പൂർ കയർ യാൺ ഉൾപ്പെടെ ഉപയോഗിച്ചുള്ള ജിയോടെക്സ്റ്റൈൽ, ബേപ്പൂർ റോക്ക് മാറ്റ്, സമൃദ്ധി നെറ്റുകൾ, സമൃദ്ധി ഗ്രോ ബാഗ്, ഇക്കോ ഫ്രണ്ട്ലി ലൈഫ്സ്റ്റൈൽ കിറ്റെന്ന പേരിൽ നാച്ചുറൽ കയർ ഉപയോഗിച്ചുള്ള ബ്രഷ്, സ്ക്രബ്ബർ തുടങ്ങിയവയും വിപണിയിൽ എത്തിച്ചിട്ടുണ്ട്. - സിവിൽ എഞ്ചിനീയറിംഗിലും ആർക്കിടെക്ചറിലും ഉപയോഗപ്രദമാകുന്ന കയർ ഉൽപ്പന്ന വികസനത്തിലുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി)ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ ഉൽപാദിപ്പിക്കുവാൻ പൊതു മേഖലയിൽ മുൻ സർക്കാർ ആരംഭംകുറിച്ച സ്ഥാപനം ഇപ്പോൾ എത് ഘട്ടത്തിലാണ്; വിശദമാക്കമോ; | ബി) കയർമെഷിനറി മാനുഫാക്ചറിംഗ് ഫാക്ടറിയുടെ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം പണി ആലപ്പുഴ ചുങ്കത്ത് പൂർത്തിയായി. ആലപ്പുഴ മുല്ലയ്ക്കലുള്ള ഫാക്ടറി ബ്ലോക്ക് പണിയും ഏതാണ്ട് പൂർത്തിയായി. ഫാക്ടറിയിലേക്കുള്ള മെഷിനറികൾ എല്ലാം തന്നെ എത്തുകയും അവ കമ്മിഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫാക്ടറിക്കും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും വേണ്ടിയുള്ള മുനിസിപ്പൽ പെർമിഷൻ, Fire NOC എന്നീ കാര്യങ്ങൾ അന്തിമഘട്ടത്തിലാണ്. ഫാക്ടറിയെ കമ്പനിയാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. |
| (സി)കയർ ജിയോടെക്സ്റ്റെലിന് പുതിയ ഉപയോഗമേഖലകൾ കണ്ടെത്തുവാൻ സാധ്യമായിട്ടുണ്ടോ? | (സി)റോഡ് നിർമ്മാണം, ചരിവുകളുടെ സംരക്ഷണം, തടാക തീരസംരക്ഷണം, ഖനി - സംരക്ഷണം, റീറ്റെയിനിംഗ് ചുമർ നിർമ്മാണം എന്നീ മേഖലകളിൽ കയർ ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ചു വരുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെ സഹായത്തോടെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ വിവിധ തരത്തിലുള്ള കയർ ഭൂവസ്ത്രം ഉയോഗിച്ച് ചരിവ് പ്രദേശങ്ങളിൽ പുൽത്തകിടി നിർമ്മിക്കുന്നതിനും ഉപ്പ് വെള്ളത്തിന്റെ അംശം കൃഷിയോഗ്യമായ മൺപ്രദേശങ്ങളിലേക്ക് പ്രവേശിക്കാതിരിക്കാനുള്ള സാങ്കേതിക വിദ്യയും, ജിയോസെൽ ഉപയോഗിച്ചുകൊണ്ട് ചരിവ് പ്രദേശങ്ങളിൽ കൃഷി നടത്തുന്നതിനുള്ള സാങ്കേതികവിദ്യയും വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ